# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-ഇ3-100/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 12/04/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-16,1-17,1-22,1-29 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ ഗ്രാമവികസന വകുപ്പ്,വയനാട്
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-100/2022 തീയ്യതി: 12/04/2022

## വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2020 മുതൽ 22-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.എസ്. വസന്ത | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-01-2022 | 22-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രശാന്ത് സി.വി, ഓഡിറ്റ് ഓഫീസർ
ശ്രീ കെ.വി.ഡേവിഡ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അലി അക്ബർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉഷ തമ്പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സരുൺ,കെ | സെക്രട്ടറി | 01-04-2019 | 21-06-2019 |
| ശ്രീ.ഉണ്ണികൃഷ്ണൻ.കെ | സെക്രട്ടറി ഇൻചാർജ്ജ് | 22-06-2019 | 30-06-2019 |
| ശ്രീ.രാജ്കുമാർ.ജി | സെക്രട്ടറി ഇൻചാർജ്ജ് | 01-07-2019 | 04-08-2019 |
| ശ്രീ.ഉണ്ണികൃഷ്ണൻ.കെ | സെക്രട്ടറി ഇൻചാർജ്ജ് | 05-08-2019 | 15-09-2019 |
| രാജ്കുമാർ.ജി | സെക്രട്ടറി ഇൻചാർജ്ജ് | 16-09-2019 | 06-01-2021 |
| ശ്രീ.ഉണ്ണികൃഷ്ണൻ.കെ | സെക്രട്ടറി ഇൻചാർജ്ജ് | 07-01-2020 | 05-02-2020 |
| ശ്രീ.ജയനാരായണൻ.കെ | സെക്രട്ടറി ഇൻചാർജ്ജ് | 06-02-2020 | 31-03-2020 |
| ശ്രീ.ബാബുരാജ്.വി.ആർ | അസി. എക്സി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സുധ എം.എൻ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ബാബുരാജ് എം.എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| മമ്മൂട്ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ഡോ. സുഭാഷ് എൽ.ജി | സൂപ്രണ്ട് (ഇൻ-ചാർജ്ജ്)താലൂക്ക് ഹോസ്പിറ്റൽ ,വൈത്തിരി | 01-04-2019 | 31-03-2020 |
| പ്രജിഷ പി.പി | ക്ഷീരവികസന ഓഫീസർ (ഇൻ-ചാർജ്ജ്) | 01-04-2019 | 29-01-2020 |
| അജിതമോൾ കെ.എ | ക്ഷീരവികസന ഓഫീസർ | 30-01-2020 | 31-03-2020 |
| അയ്യപ്പൻ എൻ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasanth C V (Audit Officer, On 29-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Prasanth C V (Audit Officer, On 29-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Prasanth C V (Audit Officer, On 29-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Prasanth C V (Audit Officer, On 29-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasanth C V (Audit Officer, On 29-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-5 |
| 6 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 31-03-2022) | 1-6 |
| 7 | അഭ്യന്തരനിയന്ത്രണം<br>Written By: Prasanth C V (Audit Officer, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-7 |
| 8 | വാർഷിക കണക്കുകൾ<br>Written By: David K.V (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-8 |
| 9 | പട്ടിക വർഗ്ഗ വനിതകൾക്ക് പശു വളർത്തലിന് ധനസഹായം- രേഖകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല-തടസ്സം ₹ 5,76,000.00<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-9 |
| 10 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- രേഖകൾ ലഭ്യമാക്കിയിട്ടില്ല- തടസ്സം ₹ 4,789.00<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 12-04-2022) | 1-10 |
| 11 | പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതി- പൊതു അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-11 |
| 12 | പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതി - സർക്കാർ ഭൂമി കയ്യേറി വീട് നിർമ്മാണം ₹3,39,000.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-12 |
| 13 | പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതി-പട്ടികവർഗ്ഗ ഭവനങ്ങളുടെ എസ്റ്റിമേറ്റിൽ ലാഭ വിഹിതം കൂടി ഉൾപ്പെടുത്തി തുക അനുവദിച്ചതിനാൽ നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 22-03-2022) | 1-13 |
| 14 | പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതി- എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക അനുവദിച്ചതിലൂടെ നഷ്ടം സംഭവിക്കുന്നു. | 1-14 |

| | | |
|---|---|---|
| | Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | |
| 15 | പട്ടികജാതി പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- തുക അധികം നൽകി-₹ 10,000.00 നിരാകരിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-15 |
| 16 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി- മൂല്യ നിർണ്ണയത്തിലും കൂടുതൽ തുക നൽകി - ₹ 154516/- തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-16 |
| 17 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി- ₹ 30,000.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-17 |
| 18 | കരാറുകർക്ക് അധിക തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-18 |
| 19 | വനിത സ്വയം സംരംഭകേന്ദ്രങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-19 |
| 20 | അനുമതിയില്ലാതെ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ മരാമത്ത് പ്രവൃത്തികൾ നടത്തി.<br>Written By: David K.V (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-20 |
| 21 | യഥാസമയം മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി എടുത്തിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 31-03-2022) | 1-21 |
| 22 | ലൈഫ് മിഷൻ കുടുംബസംഗമം -രശീതുകൾ അച്ചടിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല<br>Written By: Prasanth C V (Audit Officer, On 27-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-22 |
| 23 | രശീത് ബുക്ക് സ്റ്റോക്കും,വിതരണവും ക്രമപ്രകാരമല്ല<br>Written By: Prasanth C V (Audit Officer, On 27-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-23 |
| 24 | ലൈഫ് പദ്ധതിക്കായി പഞ്ചായത്തുകൾക്ക് വിഹിതം നല്കിയത് - വിനിയോഗവിവരം ലഭ്യമല്ല<br>Written By: Prasanth C V (Audit Officer, On 27-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 1-24 |
| 25 | വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർമാർ വികസന പദ്ധതികളുടെ അവസ്ഥാവിശേഷ റിപ്പോർട്ട് തയ്യാറാക്കുന്നില്ല<br>Written By: Prasanth C V (Audit Officer, On 27-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-25 |
| 26 | അഫിലിയേഷൻ പുതുക്കാത്ത സംഘങ്ങൾക്ക് കാട് വെട്ട് യന്ത്രം നല്കി<br>Written By: Prasanth C V (Audit Officer, On 27-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |

| | | |
|---|---|---|
| 1 | കരാറുകർക്ക് അധിക തുക നൽകി.₹2,46,756/- നിരാകരിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 3-1 |
| 2 | പട്ടികജാതി പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- തുക അധികം നൽകി-₹ 10,000.00 നിരാകരിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 24-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ വിവരങ്ങൾ<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപ വിവരങ്ങൾ<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരങ്ങൾ<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasanth C V (Audit Officer, On 30-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 4-8 |
| 9 | തീർപ്പാക്കാനൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Prasanth C V (Audit Officer, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-04-2022) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20ലെ ബജറ്റ് 01.03.2019 തീയതിയിലെ 1/2019-20 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 30.10.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

തൻവർഷം വാർഷിക കണക്കുകൾ പ്രകാരം മുന്നിരിപ്പടക്കം ആകെ 195147161 രൂപ വരവുണ്ട്. അംഗീകാരം ലഭിച്ച 169 പദ്ധതികളിൽ 59 എണ്ണം മാത്രമേ നടപ്പാക്കിയുള്ളൂ. ആകെ വകയിരുത്തിയ 136688261 രൂപയിൽ 49528162 രൂപ ചെലവഴിച്ചിട്ടുണ്ട്(ചെലവ് 36%) ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക ചെലവഴിക്കാതിരുന്നത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു. ഇതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 128732002 |
| വരവ് | 66415159 |
| ആകെ | 195147161 |
| ചെലവ് | 141174483 |
| നീക്കിയിരിപ്പ് | 53972678 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ലാപ്സായതുക/ നീക്കിബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 66502000 | 66502000 | 31174229 | 35327771 |
| വികസനഫണ്ട് എസ്.സി.പി | 0 | 11397000 | 11397000 | 5453880 | 5943120 |
| വികസനഫണ്ട് ടി.എസ്.പി | 0 | 23874000 | 23874000 | 9698405 | 14175595 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 8680000 | 8680000 | 3201648 | 5478352 |
| ട്രഷറി എസ്.ബി(ജനറൽ പർപ്പസ്) | 1578849 | 4493000 | 6071849 | 4566191 | 1505658 |
| സ്പെഷ്യൽ ടി.എസ്.പി (ജോയന്റ് വെന്ച്വർ) | 119083237 | 5022196 | 124105433 | 80861369 | 43244064 |
| എം.പി.ലാഡ്സ് | 0 | 3355976 | 3355976 | 3355976 | 0 |
| എം എൽ എ എസ് ഡി എഫ് | 0 | 171275 | 171275 | 171275 | 0 |
| ഐ ഡബ്യു.എം.പി | 5054303 | 2063609 | 7117912 | 707868 | 6410064 |
| ഐ എ വൈ | 0 | 55890 | 55890 | 55890 | 0 |
| കില ട്രെയിനിങ് | 0 | 12960 | 12960 | 12960 | 0 |
| എസ് ബി എം | 0 | 442239 | 442239 | 0 | 442239 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്ത പദ്ധതികൾ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 161 | 136688261 | 59 | 49528162 | 102 | 36.64 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 18-12-2018 | 2015-16-2018-19 | 19-8-2019 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 4-7-2016 | 1-10-2011-31-05-2016 | 10.01.2017 |

## 1-7 അഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പല പദ്ധതികളുടെയും ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ നടത്തിയതായി മിനിട്സിൽ കാണുന്നില്ല. ആയത് സംബന്ധിച്ച് സെക്രട്ടറി വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർമാർക്ക് കത്തയച്ചത് ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.അവസ്ഥാ വിശേഷറിപ്പോർട്ടുകൾ കൃത്യമായി ലഭിക്കാതിരുന്നതിനാൽ പദ്ധതി രൂപീകരണം കൃത്യമായി നടപ്പാക്കാനായില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഫീസ് മീറ്റിംഗുകൾ ഇടയ്ക്കിടെ കൂടുകയും പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. എന്നാൽ രേഖകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയലുകളോടൊപ്പം കുറിപ്പു ഫയലുകൾ സൂക്ഷിക്കാത്തതിനാലും പേജ് നമ്പർ ഇട്ട് ക്രമത്തിൽ അടുക്കി സൂക്ഷിക്കാത്തതിനാലും അവ പരിശോധിക്കുന്നതിലും കാര്യങ്ങളുടെ കൃത്യത മനസ്സിലാക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ ക്രമമായി സൂക്ഷിക്കുന്നതിലും വീഴ്ചയുണ്ട്. പ്രതിമാസ വരവ് ചെലവ് പത്രികകൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിശ്ചിത സമയത്ത് വാങ്ങുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നില്ല. അക്കൗണ്ടിംഗ് ജോലികൾ, ഡാറ്റാ എൻട്രി ജോലികൾ എന്നിവയിൽ ഇനിയും ജാഗ്രത ചെലുത്തേണ്ടതുണ്ട്.

## 1-8 വാർഷിക കണക്കുകൾ

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെപ്പറയുന്നു.

1. ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280800501- പ്രയർ പിരീഡ് - പ്രോഗ്രാം എക്സ്പെൻസ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹67,068/- രേഖപ്പെടുത്തിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
4. ബാലൻസ് ഷീറ്റിൽ ബി -5 ഷെഡ്യൂൾ പ്രകാരം സെക്യൂവേർഡ് ലോൺ ഇനത്തിൽ ബാധ്യത ഇല്ല. എന്നാൽ ബി -16 ഷെഡ്യൂളിൽ പ്രീപെയ്ഡ് എക്സ്പെൻഡിച്ചർ ഹെഡിൽ ₹42,508/- രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
5. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. ബാലൻസ് ഷീറ്റിൽ ₹18,07,334/- ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസി. എക്സി. എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പാർട്ട് ബില്ലുകളുടെ ആകെ തുക ₹6,75,222/- ആണ്.

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

8. ബി-4 ഷെഡ്യൂളിൽ ജോയിന്റ് വെൻച്വർ പ്രോജക്ടുകളുടെ ആകെ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹88,23,000/- (2580500 + 6242500) ആണ്. പ്രസ്തുത ഫണ്ട് നിക്ഷേപിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിലെ (Treasury Special TSB) നീക്കിയിരിപ്പ് ₹2500/- ആണ്.

9. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. സാമ്പത്തിക വർഷം അവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾക്ക് ബാലൻസ് ഷീറ്റിൽ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല.

11. പൊതു വിഭാഗം വികസന ഫണ്ട്, വികസന ഫണ്ട് - ടി.എസ്.പി. എന്നിവയുടെ ചെലവ് തുക എ.സി.ആർ. മായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | എ.സി.ആർ | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ് |
|---|---|---|
| പൊതു വിഭാഗം വികസന ഫണ്ട് | 3,26,76,443/- | 3,11,74,229/- |
| വികസന ഫണ്ട് (ടി.എസ്.പി.) | 1,03,80,499/- | 96,98,405/- |

12. മിസെല്ലേനിയസ് 8430 എന്ന അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷനിൽ 02.04.2018 ലെ ₹8000/- ഡയറക്ടിലെ ക്രഡിറ്റഡ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ- 05/19-20/20.01.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 പട്ടിക വർഗ്ഗ വനിതകൾക്ക് പശു വളർത്തലിന് ധനസഹായം- രേഖകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല-തടസ്സം ₹ 5,76,000.00

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക വർഗ്ഗ വനിതകൾക്ക് പശു വളർത്തലിന് ധനസഹായം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.പട്ടിക വർഗ്ഗ വനിതകൾക്ക് പശുവളർത്തൽ പ്രോത്സാഹിപ്പിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **പ്രോജക്റ്റ് നം/ പേര്** | S-135/20 പട്ടിക വർഗ്ഗ വനിതകൾക്ക് പശു വളർത്തലിന് ധനസഹായം |
|---|---|
| **അടങ്കൽ** | ₹ 31,61,000.00 (വികസനം ടി.എസ്.പി) |
| **ചെലവ്** | ₹ 18,41,000.00(ബിൽ നം. 1/19-20/08.05.19)<br>₹ 4,40,000.00(ബിൽ നം. 2/19-20/30.04.19)<br>₹ 4,40,000.00(ബിൽ നം. 3/19-20/30.04.19)<br>₹ 4,40,000.00(ബിൽ നം. 4/19-20/30.04.19)<br>ആകെ - ₹ 31,61,000.00 |

ബിൽ നമ്പർ 1 പ്രകാരം 33 ഗുണഭോക്താക്കൾക്ക് ₹18,15,000.00 (33 X 55000) നൽകിയിട്ടുണ്ട്. എന്നാൽ, ₹26,000.00 തരിയോട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് ആണ് നൽകിയിരിക്കുന്നത്(സഹകരണ സംഘത്തിന്റെ കൈപ്പറ്റ് രശീതി നം.1299/എന്നാൽ തീയതി വ്യക്തമല്ല). ₹ 26,000.00 എന്തിനു വേണ്ടി ചെലവവിച്ചു എന്നത് ഫയലിൽ ഇല്ല.

ബിൽ നമ്പർ 2,3,4 പ്രകാരം 24 ഗുണഭോക്താക്കൾക്ക് ₹13,20,000.00 (24 X 55000) നൽകിയിട്ടുണ്ട്. എന്നാൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ കന്നുകാലി ഇൻഷ്വറൻസ് ലഭ്യമാക്കിയിട്ടില്ല.

| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേര്** |
|---|---|
| 1 | പാർവ്വതി, ചാണാലത്ത് കോളനി, മുണ്ടക്കുറ്റി |
| 2 | സുജാത.എം.കെ,താന്നിയോട് വീട് , വാരമ്പറ്റ |
| 3 | സീത മാധവൻ, പെരുങ്ങോട്ട് വീട് , വാരമ്പറ്റ |

| | |
|---|---|
| 4 | അമ്മു സുരേഷ് ബാബു, പുത്തൻമുറ്റം, പുതുശ്ശേരി കടവ് |
| 5 | ശ്രീദേവി ചന്ദ്രൻ, പുത്തൻപുര, അരമ്പറ്റകുന്ന് |
| 6 | അംബിക സുനിൽ,പൊട്ടക്കണ്ണി,പടിഞ്ഞാറത്തറ |
| 7 | ശാരദ, പൊട്ടക്കണ്ണി,പടിഞ്ഞാറത്തറ |
| 8 | വസന്ത പൂളക്കുഴി, പുതുശ്ശേരി കടവ് |
| 9 | അംബിക അപ്പച്ചൻ, കുന്നത്തുംകര, അരമ്പറ്റകുന്ന് |
| 10 | കമല മണി, ആനപ്പാറ വീട്, അരമ്പറ്റകുന്ന് |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. ഇൻഷ്വറൻസ് ലഭ്യമാക്കുന്നത് വരെ ₹ 5,50,000.00 (10 X 55,000) തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കാത്ത ചെലവ് തുക ₹ 26,000.00 തടസ്സം ചെയ്യുന്നു.ആകെ 5,76,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-10 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- രേഖകൾ ലഭ്യമാക്കിയിട്ടില്ല- തടസ്സം ₹ 4,789.00

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-99/20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ |
| **അടങ്കൽ** | ₹ 15,00,000.00 (വികസനം സാധാരണം) |
| **ചെലവ്** | ₹ 4,789.00 |

മേൽ പ്രോജക്ട് പ്രകാരം ₹4,789/- ചെലവ് പത്രികയിൽ ചെലവ് കാണിക്കുന്നുണ്ട്. എന്നാൽ, പ്രസ്തുത ചെലവിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത ചെലവ് തുക ₹ 4,789.00 തടസ്സം ചെയ്യുന്നു.

## 1-11 പി.എം.എ.എ.വൈ/ലൈഫ് ഭവന പദ്ധതി- പൊതു അപാകതകൾ

പി.എം.എ.എ.വൈ/ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പൊതു അപാകതകൾ താഴെ പറയുന്നു.

1) ലൈഫ് മിഷൻ പദ്ധതിക്കായി മൈക്രോ പ്ലാൻ, ഭവനപരിശോധനാറിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടില്ല.

2) സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നം. സ.ഉ.(കൈ)നം. 160/16/തസ്വഭവ തിയ്യതി 08/11/2016 ലെ ഖണ്ഡിക നം. 8 പ്രകാരം 'പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ് നടത്തുന്നതിനും അവയുടെ പൂർത്തീകരണത്തിനാവശ്യമായ തുക എത്രയെന്ന് നിർണ്ണയിക്കുന്നതിനും ബ്ലോക്ക് തലത്തിൽ Third Party Technical Agency കളെ എംപാനൽ ചെയ്യേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതുമാണ്'. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ടി.പി.ടി.എ രൂപീകരിച്ചിട്ടില്ല.

3) കർമ്മ സമിതി രൂപീകരിച്ചിട്ടില്ല.

4) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പി.എം.എ.എ.വൈ/ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വിവിധ ഗഡു തുകകൾ കൈമാറുമ്പോൾ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ ഒരു ചെക്കിൽ നിരവധി ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരിന് നേരെ അവരുടെ ബാങ്ക് അക്കൗണ്ട് നമ്പർ നല്കിയിട്ടുണ്ടെങ്കിലും തുക ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. ഈ അക്കൗണ്ടുകളുടെ (തുക ക്രെഡിറ്റ് ചെയ്ത വിവരം ഉൾക്കൊള്ളുന്ന) പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ തുക ഗുണഭോക്താക്കൾക്ക് ലഭിച്ചുവോ എന്ന് തിട്ടപ്പെടുത്താനാകുന്നില്ല.

5) എസ്റ്റിമേറ്റ് , മൂല്യ നിർണ്ണയം എന്നിവയിൽ തീയതി ചേർത്തിട്ടില്ല.

6) എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-12 പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതി - സർക്കാർ ഭൂമി കയ്യേറി വീട് നിർമ്മാണം ₹3,39,000.00 തടസ്സം ചെയ്യുന്നു.

ശ്രീമതി. ലീല രാജൻ, വെള്ളമ്പാടി, മടക്കിമല എന്ന ഗുണഭോക്താവിന്റെ PMAY 2016-17 വർഷത്തെ വീടിന് ₹3,39,000.00 നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തിയായിട്ടില്ല. അപേക്ഷ പ്രകാരം പുറമ്പോക്കിലാണ് താമസിക്കുന്നത്. എന്നാൽ, 02.20.2021-ലെ വയനാട് ജില്ല ഗവ. പ്ലീഡറുടെ കത്ത് പ്രകാരം (നം.29/2021/ജിപി/വയനാട്) ശ്രീമതി. ലീല രാജൻ എന്നവർ സർക്കാർ ഭൂമി കയ്യേറിയാണ് വീട് നിർമ്മിച്ചിരിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. ശ്രീമതി. ലീല രാജന്റെ വീടിന്റെ തൽസ്ഥിതിയും വയനാട് ജില്ല ഗവ. പ്ലീഡറുടെ കത്തിന്റെ തുടർ നടപടികളും അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-13 പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതി-പട്ടികവർഗ്ഗ ഭവനങ്ങളുടെ എസ്റ്റിമേറ്റിൽ ലാഭ വിഹിതം കൂടി ഉൾപ്പെടുത്തി തുക അനുവദിച്ചതിനാൽ നഷ്ടം സംഭവിക്കുന്നു.

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ പി.എം.എ.വൈ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി 2019-20 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവനപൂർത്തീകരണത്തിന് ഓരോ ഭവനത്തിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗഡുക്കളായി തുക അനുവദിക്കുയുമാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്).196/2017/ത.സ്വ.ഭ.വ തിയ്യതി 11.10.2017ലെ നിർദ്ദേശം പ്രകാരം ഒരു ഗുണഭോക്താവ് നേരിട്ട് നിർമ്മിക്കുമ്പോൾ ലഭ്യമാകുന്ന തുകയിൽ നിന്നും അധികരിക്കാത്ത തുക മാത്രമേ കരാറുകാർക്ക് അനുവദിക്കുവാൻ പാടുള്ളൂ. ഇതിൽ നിന്നുംതന്നെ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ലാഭവിഹിതം ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമാണ്. ഈ നിർദ്ദേശം പാലിക്കാതെ എസ്റ്റിമേറ്റുകളിൽ കരാറുകാർക്ക് നൽകുന്ന 15% CPOH ഉൾപ്പെടെ കണക്കാക്കി തുക അനുവദിച്ചത് വഴി അധിക ചെലവ് വന്നിട്ടുണ്ട്. ഇതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താ വിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാര മുള്ള തുക (15% CPOH ഉൾപ്പടെ) (₹) | 15% CPOH ഉൾപ്പെ ടാതെ തയ്യാ റാക്കേ ണ്ടിയി രുന്ന എസ്റ്റി മേറ്റ് തുക(₹) | എസ്റ്റിമേറ്റ് നിരക്കി ലുള്ള മൂല്യ നിർണ്ണയം/ (അനുവ ദിച്ച തുക) (₹) | 15% CPOH ഒഴികെ നല്കാവുന്ന തുക(₹) | വ്യത്യാസം(₹) | അനുവദിച്ച തുക നൽകിയ വിവരം (ചെക്ക് നമ്പർ, തീയതി, തുക)(₹) |
|---|---|---|---|---|---|---|---|
| 1 | എൽസി ഗോപാലൻ, നെല്ലാറച്ചാൽ, കണ്ടരണി, മുട്ടിൽ ഗ്ര.പ. 2016-17 | 552957 | 480832 | 533991 | 464340 | 68660 | 1)FTO-/ -48000<br>2)010346/ 02.05.18- 80000<br>3)FTO-/ -48000<br>4)014962/ 15.11.18- 50000<br>5)014970/ 11.01.19 -100000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | 6)014959/<br>04.04.19<br>-80000<br>7)FTO-/<br>-24000<br>8)015967/<br>15.07.19<br>-103000<br>ആകെ- 533000/- | |
| | 2 | ശാന്ത ബാലൻ, നെല്ലാറച്ചാൽ, കണ്ടരണി, മുട്ടിൽ ഗ്ര.പ. 2016-17 | 552957 | 480832 | 534159 | 464486 | 69514 | 1)FTO-/<br>-48000<br>2)010346/<br>02.05.18-<br>80000<br>3)FTO-/<br>-48000<br>4)014961/<br>03.11.18-<br>50000<br>5)014974/<br>07.02.19<br>-100000<br>6)FTO-/<br>-24000<br>7)015967/<br>15.07.19<br>-184000<br>ആകെ- 534000/- | |
| | 3 | ഭാരതി വെളിച്ചി, നെല്ലാറച്ചാൽ, കണ്ടരണി, മുട്ടിൽ ഗ്ര.പ. 2016-17 | 552957 | 480832 | 534293 | 464603 | 69397 | 1)FTO-/<br>-48000<br>2)010346/<br>02.05.18-<br>80000<br>3)FTO-/<br>-48000<br>4)014962/<br>15.11.18-<br>50000<br>5)014974/<br>07.02.19<br>-100000<br>6)FTO-/<br>-24000<br>7)015967/<br>15.07.19<br>-184000<br>ആകെ- 534000/- | |
| | 4 | മഞ്ഞ, നെല്ലാറച്ചാൽ, കണ്ടരണി, മുട്ടിൽ ഗ്ര.പ. 2016-17 | 552957 | 480832 | 529241 | 460210 | 68790 | 1)FTO-/<br>-48000<br>2)010346/<br>02.05.18-<br>80000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 3)FTO-/ -48000<br>4)014963/ 17.11.18- 50000<br>5)014969/ 04.01.19 -100000<br>6)014959/ 04.04.19 -80000<br>7)FTO-/ -24000<br>8)015967/ 15.07.19 -99000<br>ആകെ- 529000/- |
| 5 | ശരണ്യ കെ.ആർ, നെല്ലാറച്ചാൽ, കണ്ടരണി, മുട്ടിൽ ഗ്ര.പ. 2016-17 | 552957 | 480832 | 533253 | 463698 | 69302 | 1)FTO-/ -48000<br>2)010346/ 02.05.18- 80000<br>3)FTO-/ -48000<br>4)014961/ 13.11.18- 50000<br>5)014974/ 07.02.19 -100000<br>6)FTO-/ -24000<br>7)015967/ 15.07.19 -183000<br>ആകെ- 533000/- |
| 6 | ശശി ഓണൻ, നെല്ലാറച്ചാൽ, കണ്ടരണി, മുട്ടിൽ ഗ്ര.പ. 2016-17 | 552957 | 480832 | 534750 | 465000 | 69000 | 1)FTO-/ -48000<br>2)010346/ 02.05.18- 80000<br>3)FTO-/ -48000<br>4)014962/ 15.11.18- 50000<br>5)014970/ 11.01.19 -100000<br>6)014959/ 04.04.19 -80000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | 7)FTO-/<br>-24000<br>8)015967/<br>15.07.19<br>-104000<br>ആകെ- 534000/- | |
| | 7 | ശാരദ ശങ്കരൻ, പുളിക്കണ്ടി വീട്, കാര്യമ്പാടി, മുട്ടിൽ ഗ്ര.പ. 2016-17 | 597617 | 519667 | 586812 | 510271 | 75729 | 1)FTO-/<br>-48000<br>2)010350/<br>17.05.18-<br>60000<br>3)FTO-<br>83208/07.02.19<br>-48000<br>4)014974/<br>07.02.19<br>-150000<br>5)014959/<br>04.04.19<br>-80000<br>6)FTO-<br>83847/18.03.19<br>-24000<br>8)015961/<br>30.04.19<br>-256000<br>ആകെ- 586000/- | |
| | 8 | കങ്കി ഭരതൻ,തേനേരി കോളനി, കാക്കവയൽ മുട്ടിൽ ഗ്ര.പ. 2011-12 | 599000 | 520870 | 570790 | 496339 | 73661 | 1)FTO-<br>526599/05.01.12<br>-15000<br>2)FTO 520890/<br>16.05.12-<br>15000<br>3)520337/16.05.12<br>-30000<br>4)010333/<br>08.03.18-<br>80000<br>5)015964/<br>31.06.19<br>-50000<br>6)015965/<br>18.06.19<br>-200000<br>7)015978/07.11.19<br>-180000<br>ആകെ- 570000/- | |
| | 9 | കല്ല്യാണി കുഞ്ഞിരാമൻ, വെള്ളക്കെട്ട്, തൃക്കൈപ്പറ്റ,<br>മേപ്പാടി ഗ്രാമ പഞ്ചായത്ത്.<br>2010-11 | 549787 | 478076 | 433864 | 377273 | 55727 | 1)FTO-<br>399268/16.08.11<br>-15000<br>2)520283/<br>04.05.12-<br>15000 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | 3)FTO-520862/04.05.12 -15000<br>4)03906/ 06.02.14- 15000<br>5)010337/ 23.03.18 -50000<br>6)014968/04.12.18 -200000<br>7)015974/ 03.10.19 -15000<br>8)025865/ 28.11.19 -40000<br>9)025874/ 30.11.20 -49500<br>10)FTO-/ -18500<br>ആകെ- 433000/- | |
| | 10 | ശാന്ത രാമൻ, വെള്ളക്കെട്ട്, തൃക്കൈപ്പറ്റ,<br>മേപ്പാടി ഗ്രാമ പഞ്ചായത്ത്.<br>2010-11 | 593075 | 515717 | 590000 | 513043 | 76957 | 1)FTO-399929/01.09.11 -15000<br>2)FTO-270293/ 25.10.11- 15000<br>3)271339/25.10.11 -10000<br>4)TB57/ 26.02.18 -100000<br>5)014374/07.09.18 -200000<br>6)014955/ 03.10.18 -200000<br>7)014960/ 02.11.18 -50000<br>ആകെ- 590000/- | |
| | 11 | ഗീത ചന്ദ്രൻ, കരടിക്കണ്ണ് വീട്ടിൽ,മുണ്ട്പാറ,<br>മേപ്പാടി ഗ്രാമ പഞ്ചായത്ത്.<br>2010-11 | 593075 | 515717 | 590000 | 513043 | 76957 | 1)FTO-095881/20.01.11 -15000<br>2)173835/ 30.04.11- 10000<br>3)533769/30.04.11 -15000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 4)010332/ 05.03.18- 100000<br>5)014963/ 19.11.18 -200000<br>6)014966/10.12.18 -150000<br>7)014968/ 24.12.18 -10000<br>8)015966/ 21.06.19 -90000<br>ആകെ- 590000/- |
| 12 | വെള്ളി ചോയി,കൈരളി കോളനി,മൂക്കിൽ പീഠിക,മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്.<br>2016-17 | 494500 | 430000 | 494500 | 430000 | 64000 | 1)FTO- 36490/11.02.17 -48000<br>2)010292/ 20.04.17- 62000<br>3)65357/21.02.18 -48000<br>4)010329/ 20.02.18- 52000<br>5)014352/ 24.05.18 -34000<br>6)FTO- 76967/24.07.18 -24000<br>7)014368/ 01.08.18 -36000<br>8)014961/ 03.11.18 -70000<br>9)014970/ 11.01.19 -60000<br>10)015965/ 18.06.19 -60000<br>ആകെ- 494000/- |
| 13 | കല്ല്യാണി ചോളൻ,ജയ്ഹിന്ദ് നാണം കനികോളനി,മൂക്കിൽ പീഠിക,മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്.<br>2016-17 | 539000 | 468696 | 539000 | 468696 | 70304 | 1)FTO- 399322/20.08.11 -15000<br>2)010324/ 04.01.18- 60000<br>3)TB-50/23.02.18 -100000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 4)010349/<br>11.05.18-<br>140000<br>5)FTO-/<br>-118500/-<br>6)015968/<br>23.07.19<br>-105500<br>ആകെ- 539000/- |
| 14 | ലീല കടുക്കൻ,പാക്കം കോളനി,വാഴവറ്റ, മുട്ടിൽ ഗ്രാമ പഞ്ചായത്ത്.<br>2011-12 | 665000 | 578261 | 487668 | 424059 | 62941 | 1)FTO-<br>519939/02.04.12<br>-20000<br>2)520367/<br>25.05.12-<br>30000<br>3)FTO-<br>520909/25.05.12<br>-10000<br>4)648364/<br>16.08.12-<br>40000<br>5)010347/<br>02.05.18<br>-50000<br>6)/<br>-322000<br>7)FTO-/<br>-15000<br>ആകെ- 487000/- |
| 15 | അമ്മു കടച്ചിക്കുന്ന്,റിപ്പൺ,മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്.<br>2014-15 | 386000 | 335652 | 386000 | 335652 | 50348 | 1)FTO-<br>03739/11.12.14<br>-17500<br>2)09232/<br>22.12.14-<br>52000<br>3)FTO-<br>34709/06.09.16<br>-42000<br>4)010263/<br>06.09.16-<br>28000<br>5)014357/<br>14.06.18<br>-160500<br>8)FTO/<br>-10500<br>9)015964/03.06.19<br>-75500<br>ആകെ- 386000/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച 15 വീടുകളിൽ മാത്രം കാണാൻ കഴിഞ്ഞ നഷ്ടമാണ് മേൽ പട്ടികയിൽ

പരാമർശിച്ചിട്ടുള്ളത്. മറ്റു എസ്.ടി വീടുകളിലും പ്രസ്തുത നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൻമേൽ സമഗ്രമായ അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തി അടവാക്കി അറിയിക്കേണ്ടതാണ്.

## 1-14 പി.എം.എ.എ.വൈ/ലൈഫ് ഭവന പദ്ധതി- എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക അനുവദിച്ചതിലൂടെ നഷ്ടം സംഭവിക്കുന്നു.

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ പി.എം.എ.വൈ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി 2019-20 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുണ്ട്.സർക്കാർ ഉത്തരവ് (എം.എസ്).196/2017/ത.സ്വ.ഭ.വ തിയ്യതി 11.10.2017ലെ നിർദ്ദേശം പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആണ് എസ്.ടി ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടത്. എന്നാൽ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | എസ്റ്റിമേറ്റ്(₹) | വാല്യുവേഷൻ(₹) | ചെലവ് വിവരം(ചെക്ക് നം/തീയതി) | എസ്റ്റിമേറ്റിൽ ഇല്ലാത്ത വാല്യുവേഷൻ നൽകിയ ഇനം | എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് നൽകിയതുക(₹) |
|---|---|---|---|---|---|---|
| 1 | കല്ല്യാണി കഞ്ഞിരാമൻ, വെള്ളക്കെട്ട്, തൃക്കൈപ്പറ്റ, മേപ്പാടി ഗ്രാമ പഞ്ചായത്ത്. 2010-11 | 549787.09 (ഓവർസിയർ,മാനന്തവാടി സോയിൽ കൺസർവേഷൻ ഓഫീസ്) | 433864 (അസി.എഞ്ചിനീയർ,LSGD,മേപ്പാടി ഗ്രാമ പഞ്ചായത്ത്) | 1)FTO-399268/16.08.11 -15000 2)520283/ 04.05.12- 15000 3)FTO-520862/04.05.12 -75000 4)03906/ 06.02.14- 15000 5)010337/ 23.03.18 -50000 6)014968/ 04.12.18 -200000 7)015974/ 03.10.19 -15000 8)025865/ 28.11.19 -40000 9)025874/ 30.11.20 -39500 10)FTO-/ -18500 ആകെ നൽകിയത് - 483000(IAY-60000+LIFE-423000) | Additional Conveyance | 65,079.00 |
| 2 | ശാന്ത രാമൻ, വെള്ളക്കെട്ട്, തൃക്കൈപ്പറ്റ, മേപ്പാടി ഗ്രാമ പഞ്ചായത്ത്. 2010-11 | 593075.05 (അക്രഡിറ്റഡ് എഞ്ചിനീയർ,NREGS,കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്) | 590000 (അക്രഡിറ്റഡ് എഞ്ചിനീയർ,NREGS,കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്) | 1)FTO-399929/01.09.11 -15000 2)FTO-270293/ 25.10.11- 15000 | Additional Head Load | 1,18,600.00 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 3)271339/25.10.11 -10000<br><br>4)520392/ 25.05.12- 30000<br><br>5)TB57/ 26.02.18 -100000<br><br>6)014374/07.09.18 -200000<br><br>7)014955/ 03.10.18 -200000<br><br>8)014960/ 02.11.18 -50000<br><br>9)015963/ 22.05.19 -21500<br><br>10)FTO-/ -18500<br><br>ആകെ നൽകിയത് - 660000(IAY- 70000+LIFE- 590000) | | |
| 3 | ഗീത ചന്ദ്രൻ, കരടിക്കണ്ണ് വീട്ടിൽ,മുണ്ടപ്പാറ,<br><br>മേപ്പാടി ഗ്രാമ പഞ്ചായത്ത്.<br><br>2010-11 | 593075.05<br><br>(അക്രഡിറ്റഡ് എഞ്ചിനീയർ,NREGS,കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്) | 590000<br><br>(അക്രഡിറ്റഡ് എഞ്ചിനീയർ,NREGS,കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്) | 1)FTO- 095881/20.01.11 -15000<br><br>2)173835/ 30.04.11- 10000<br><br>3)533769/30.04.11 -15000<br><br>4)010332/ 05.03.18- 100000<br><br>5)014963/ 19.11.18 -200000<br><br>6)014966/10.12.18 -150000<br><br>7)014968/ 24.12.18 -50000<br><br>8)015966/ 21.06.19 -90000<br><br>ആകെ നൽകിയത് - 630000(IAY- 40000+LIFE- 590000) | Additional Head Load | 1,18,600.00 |
| ആകെ | | | | | | 3,02,279.00 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച 3 വീട്ടുകളിൽ ₹ 3,02,279.00 നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തി മറ്റു പ്രവൃത്തികളിൽ വന്ന സമാനമായ നഷ്ടവും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-15 പട്ടികജാതി പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- തുക അധികം നൽകി-₹ 10,000.00 നിരാകരിക്കുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-21/20 പട്ടികജാതി പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 6,64,748.00 (വികസനം എസ്.സി.പി) |
| ചെലവ് | ₹ 2,00,000.00(ബിൽ നം. 4/19-20/30.07.19)<br>₹ 20,000.00(ബിൽ നം. 7/19-20/13.08.19)<br>₹ 20,000.00(ബിൽ നം. 6/19-20/13.08.19)<br>₹ 20,000.00(ബിൽ നം. 9/19-20/05.09.19)<br>₹ 1,50,000.00(ബിൽ നം. 9/19-20/05.09.19)<br>₹ 70,000.00(ബിൽ നം. 14/19-20/17.10.19)<br>₹ 1,00,000.00(ബിൽ നം. 19/19-20/16.11.19)<br>₹ 75,000.00(ബിൽ നം. 23/19-20/10.12.19)<br>₹ 30,000.00(ബിൽ നം. 27/19-20/29.02.20)<br>₹ 9,748.00(ബിൽ നം. 35/19-20/27.03.20)<br>ആകെ - ₹ 6,64,748.00 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

മേൽ പട്ടികയിൽ കൊടുത്ത ബിൽ നമ്പർ 4/30.07.19 പ്രകാരം പിൻവലിച്ച ₹ 2,00,000.00 -ൽ നിന്നും ₹ 30,000.00, കുമാരി. മേഘ്ന ശിവൻ, കാപ്പംകുന്ന്, ചുണ്ടേൽ, വയനാട് എന്ന ഗുണഭോക്താവിനാണ് നൽകിയിരിക്കുന്നത്. എന്നാൽ, കുമാരി. മേഘ്ന ശിവന്റെ 2019-20 വർഷത്തെ പഠന സാക്ഷ്യപത്ര പ്രാകാരം സെന്റ്. മേരീസ് കോളേജ് ബത്തേരിയിൽ B.Sc ബോട്ടണിക്കാണ് പഠിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം (സ.ഉ(കൈ)നം.22/2018/ തസ്വഭവ/14.02.2018) ഡിഗ്രി പഠിതാക്കൾക്ക് ₹ 20,000.00 ആണ് അർഹതയുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/19-20/20.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക 3-3 കാണുക.

## 1-16 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി- മൂല്യ നിർണ്ണയത്തിലും കൂടുതൽ തുക നൽകി - ₹ 154516/- തടസ്സം ചെയ്യുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-21/20 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി |
| **അടങ്കൽ** | ₹ 6,00,000.00 (വികസനം എസ്.സി.പി) |
| **ചെലവ്** | ₹ 90,000.00(ബിൽ നം. 12/19-20/27.09.19)<br>₹ 60,000.00(ബിൽ നം. 15/19-20/26.10.19)<br>₹ 60,000.00(ബിൽ നം. 18/19-20/17.10.19) |

| | |
|---|---|
| | ₹ 60,000.00(ബിൽ നം. 20/19-20/21.11.19)<br>₹ 80,000.00(ബിൽ നം. 24/19-20/30.12.19)<br>₹ 80,000.00(ബിൽ നം. 25/19-20/30.12.19)<br>₹ 30,000.00(ബിൽ നം. 34/19-20/27.03.20)<br>ആകെ - ₹ 4,60,000.00 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | പട്ടികജാതി വികസന ഓഫീസർ |

മേൽ പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് ആണ് പഠനമുറിക്കുള്ള തുക നൽകിയിരിക്കുന്നത്. അപാകതകൾ താഴെ കൊടുക്കുന്നു.

**1. ശിൽജ, മേപ്പാടി ഗ്രാമ പഞ്ചായത്ത്.**

മേപ്പാടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഇല്ല. ആകെ ₹ 2,00,000.00 നൽകിയിട്ടുണ്ട്. ₹ 1,70,000.00 2019-20 ലും ബാക്കി ₹ 30,000.00 2020-21 ലും (ബിൽ നം. 6/20-21/19.04.2021) ആണ് നൽകിയത്. എന്നാൽ, മേപ്പാടി ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി അസി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ₹ 1,81,783.00 ഉം വാല്യുവേഷൻ ₹ 1,54,516.00 -ഉം ആണ്. ₹ 45,484.00 അധികം നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/19-20/13.01.2022) ലഭ്യമാക്കിയ മറുപടിയിൽ 08/03/2022ന് മേപ്പാടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 200000/- രൂപയുടെ മൂല്യനിർണ്ണയമാണ് സമർപ്പിക്കുന്നത്. പണം നൽകി ഒരു വർഷത്തിന് ശേഷം എടുത്ത മൂല്യനിർണ്ണയം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗുണഭോക്ത ലിസ്റ്റ് ഇല്ലാതെ ചെലവഴിച്ച ₹15,45,16/- തടസ്സം ചെയ്യുന്നു.അധികം നൽകിയ 45484/- തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി- ₹ 30,000.00 തടസ്സം ചെയ്യുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നം/ പേര്** | S-130/20 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി(സ്പിൽ ഓവർ) |
| **അടങ്കൽ** | ₹ 2,30,000.00 (വികസനം എസ്.സി.പി) |
| **ചെലവ്** | ₹ 30,000.00(ബിൽ നം. 1/19-20/04.05.19)<br>₹ 60,000.00(ബിൽ നം. 3/19-20/15.07.19)<br>₹ 80,000.00(ബിൽ നം. 8/19-20/14.08.19)<br>₹ 30,000.00(ബിൽ നം. 16/19-20/29.10.19)<br>₹ 30,000.00(ബിൽ നം. 32/19-20/23.03.20)<br>ആകെ - ₹ 2,30,000.00 |

മൂന്ന് ഗുണഭോക്താക്കൾക്ക ആണ് പഠനമുറിക്കുള്ള തുക നൽകിയിരിക്കുന്നത്. അപാകതകൾ താഴെ കൊടുക്കുന്നു.

ബിൽ നമ്പർ 32/23.03.20 പ്രകാരം പിൻവലിച്ച ₹ 30,000.00, കുമാരി. വിഷ്ണുപ്രിയ , പുതിയ വീട്ടിൽ എന്നയാൾക്ക് അവസാന ഗഡു ആയിട്ടാണ് നൽകിയിരിക്കുന്നത്. എന്നാൽ, മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്ര പ്രകാരം 560.59 ച.അടി വിസ്തീർണ്ണമുള്ള ഒരു പുതിയ വീടാണ് പഠനമുറിക്ക് പകരം പണിതിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/19-20/13.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ₹ 30,000.00 തടസ്സം ചെയ്യുന്നു.

## 1-18 കരാറുകർക്ക് അധിക തുക നൽകി.

2019-20 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ചെലവ് നടത്തിയ പല മരാമത്ത് പ്രവൃത്തികളും 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കരാറുകാർ ഏറ്റെടുത്തവയാണ്. 01.10.2017, 26.03.2019 – എന്നീ തീയതികളിൽ മരാമത്ത് പ്രവൃത്തികളുടെ കോസ്റ്റ് ഇൻഡക്സ് സർക്കാർ പുതുക്കിയിട്ടുണ്ട്. ആയത് അനുസരിച്ച് വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് യഥാക്രമം 143.14% ത്തിൽ നിന്നും 138.24% ആയും 138.24% നിന്നും 132.04% ആയി കുറച്ചിട്ടുണ്ട്. കോസ്റ്റ്

ഇൻഡക്സ് പുതുക്കുന്നതിന് മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ നടത്തിയ ചില പ്രവൃത്തികളുടെ കരാർ കോസ്റ്റ് ഇൻഡക്സ് പുതുക്കിയതിന് ശേഷമാണ് ചമച്ചിട്ടുള്ളത്. കരാർ ചമയ്ക്കുന്ന സമയത്ത് കോസ്റ്റ് ഇൻഡക്സിൽ മാറ്റം വന്നിട്ടുള്ള പ്രസ്തുത എസ്റ്റിമേറ്റ് പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം പുതിക്കിയിട്ടില്ല. ആയതിന് പുറമേ ഉഭയകക്ഷി കരാർ പ്രകാരം കരാറുകാർ ഏറ്റെടുത്തിട്ടുള്ള ചില പ്രവൃത്തികൾ കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കേണ്ട സമയത്ത് ആരംഭിച്ചിട്ടില്ല. കോസ്റ്റ് ഇൻഡക്സ് പരിഷ്കരിച്ചതിന് ശേഷം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർക്കെതിരെ കരാർ ലംഘനം നടത്തിയതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.1-ാം വകുപ്പ് അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ റീടെണ്ടർ നടത്തേണ്ടതായിരുന്നു. എന്നാൽ റീടെണ്ടർ നടത്തിയില്ല എന്നുമാത്രമല്ല നിരക്കുകളിൽ വന്ന വ്യതിയാനത്തിന് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് കരാർ പുതുക്കാതെ പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിക്കുകയും അധിക തുക നൽകുകയും ചെയ്തു. വിവിധ പ്രവൃത്തികളിലായി ആകെ ₹2,46,756/- ഇപ്രകാരം അധികം കൊടുത്തിട്ടുണ്ട്. വിശദാംശങ്ങൾക്ക് റിപ്പോർട്ടിലെ ഖണ്ഡിക 3-1 കാണുക.

## 1-19 വനിത സ്വയം സംരംഭകേന്ദ്രങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മരാമത്ത് പ്രവൃത്തികളുടെ ഭൗതിക പരിശോധന നടത്തിയതിൽ വനിത സ്വയം തൊഴിൽ സംരംഭകേന്ദ്രങ്ങൾക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തി.

| ക്രമ നം. | പ്രോജക്ട് | ചെലവ് തുക | ചെക്ക്/ട്രഷറി ബിൽ നമ്പർ, തീയതി | ഇപ്പോഴത്തെ ഉപയോഗം |
|---|---|---|---|---|
| 1 | എസ്.0136/18, ചാലിച്ചാൽ വനിത സ്വയം തൊഴിൽ സംരംഭകേന്ദ്രം (മുട്ടിൽ ഗ്രാമപഞ്ചായത്ത്) | 757066 | 94/18-19, 27.03.19 | അങ്കണവാടി (നമ്പർ 22) |
| | | 505411 | 61/20-21, 30.01.21 | |
| 2 | എസ്.0121/18, വെങ്ങപ്പള്ളി വനിത സ്വയം തൊഴിൽ സംരംഭകേന്ദ്രം (വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്) | 824023 | 11/19-20, 08.05.19 | കുടുംബശ്രീ ഓഫീസ് |
| | ആകെ തുക | ₹20,86,500/- | | |

മേൽ പറഞ്ഞ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചവയാണ്. മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖമൂലമുള്ള സമ്മതപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെയും ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് സാക്ഷ്യപത്രവും ലഭയമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 14/20-21,തീയതി 20/01/2022 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തൻവർഷത്തെ ചെലവ് തുക ₹8,24,023/- ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 അനുമതിയില്ലാതെ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ മരാമത്ത് പ്രവൃത്തികൾ നടത്തി.

കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് 1-ാംഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ഒന്നിലധികം ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുമരാമത്ത് മേഖലയിലെ ചുമതലകൾ. പദ്ധതി മാർഗ്ഗരേഖ [സ.ഉ. (കൈ) നം. 11/2018/തസ്വഭവ, തീയതി: 29.01.2018] ഖണ്ഡിക 2.3 പ്രകാരം പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

പ്രദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 (6) പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖമൂലമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഖണ്ഡിക 7.8.2 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു കൊടുക്കാവുന്നതുമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റ പരിധിയിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിലായി താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ അസി. എക്സി. എഞ്ചിനീയർ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ചെലവ് തുക | ചെക്ക്/ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | എസ്.0064/20, ഇടിയംവയൽ പള്ളി റോഡ് കോൺക്രീറ്റ് (പൊഴുതന ഗ്രാമപഞ്ചായത്ത്) | 429498 | 40/19-20, 26.02.20 |
| 2 | എസ്.0080/20, മയിലംപ്പാത്തി ആദിവയൽ റോഡ് കോൺക്രീറ്റ് (പൊഴുതന ഗ്രാമപഞ്ചായത്ത്) | 417786 | 37/19-20, 20.01.20 |
| 3 | എസ്.0109/19, തരിയോട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (തരിയോട് ഗ്രാമപഞ്ചായത്ത്) | 387166 | 33/19-20, 20.01.20 |
| 4 | എസ്.0164/20, വൈത്തിരി പഞ്ചായത്ത് വാർഡ് 14 പകൽവീട് (വൈത്തിരി ഗ്രാമപഞ്ചായത്ത്) | 407941 | 32/19-20, 20.01.20 |
| 5 | എസ്.0069/19, കല്ലൂർ അങ്കണവാടി കെട്ടിടം നിർമ്മാണം (പൊഴുതന ഗ്രാമപഞ്ചായത്ത്) | 705814 | 24/19-20, 30.09.19 |
| 6 | എസ്.0089/19, തരിയോട് ജി.എച്ച്.എസ്.എസ്. കമ്മ്യൂണിറ്റി ടോയിലറ്റ് നിർമ്മാണം (തരിയോട് ഗ്രാമപഞ്ചായത്ത്) | 40000 | 34/19-20, 20.01.20 |
| | | 316000 | ചെക്ക്:012311/31.1.20 |
| | | 38068 | ചെക്ക്:012321/19.3.20 |
| 7 | എസ്.0216/19, കുറുമ്പാലക്കോട്ട റോഡ് വീതികൂട്ടൽ സൈഡ് കെട്ട് കോൺക്രീറ്റ് (കോട്ടത്തറ ഗ്രാമപഞ്ചായത്ത്) | 483564 | 16/19-20, 27.07.19 |
| 8 | എസ്.0184/19, പകൽവീട് തരിയോട് (തരിയോട് ഗ്രാമപഞ്ചായത്ത്) | 967822 | 06/19-20, 08.05.19 |
| 9 | എസ്.0040/19, കല്ലിമൂട്ടകുന്ന് വണ്ടിയാമ്പറ്റ റോഡ് സൈഡ് കെട്ട് കോൺക്രീറ്റ് (വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്) | 371021 | 01/19-20, 08.05.19 |
| 10 | എസ്.0124/19, പകൽവീട് പടിഞ്ഞാറത്തറ (പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്) | 111781 | 31/19-20, 20.01.20 |
| 11 | എസ്.0249/19, വൈത്തിരി ശ്മശാനം സ്കൂൾ റോഡ് കോൺക്രീറ്റ് (വൈത്തിരി ഗ്രാമപഞ്ചായത്ത്) | 479864 | 04/19-20, 08.05.19 |
| 12 | എസ്.0119/18, ബാണാസുരസാഗർ ടൂറിസ്റ്റ് കേന്ദ്രത്തിൽ കമ്മ്യൂണിറ്റി ടോയിലറ്റ് നിർമ്മാണം (പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്) | 447471 | 05/19-20, 08.05.19 |
| 13 | എസ്.0123/18, പൂക്കോട് കമ്മ്യൂണിറ്റി ടോയിലറ്റ് നിർമ്മാണം (പൊഴുതന ഗ്രാമപഞ്ചായത്ത്) | 430932 | 07/19-20, 08.05.19 |
| 14 | എസ്.0070/18, തണൽ വയോജന സൗഹൃത കേന്ദ്രം (പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്) | 1208807 | 08/19-20, 08.05.19 |
| 15 | എസ്.0127/18, കോളിച്ചാൽ ജലസേചന കിണർ (വൈത്തിരി ഗ്രാമപഞ്ചായത്ത്) | 199561 | 20/19-20, 04.09.19 |
| 16 | എസ്.0216/19, അമ്പലകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (മേപ്പാടി ഗ്രാമപഞ്ചായത്ത്) | 462624 | 18/19-20, 27.07.19 |
| 17 | എസ്.0249/19, ഒലിവുമല സെമിത്തേരി കണ്ണാടിചോല റോഡ് കോൺക്രീറ്റ് (വൈത്തിരി ഗ്രാമപഞ്ചായത്ത്) | 550000 | 15/19-20, 27.07.19 |
| 18 | എസ്.0102/18, കാവുപ്പാളി അങ്കണവാടി കെട്ടിട നിർമ്മാണം (വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്) | 922372 | 13/19-20, 20.07.19 |
| | ആകെ തുക | ₹9378092/- | |

മേൽ പ്രവൃത്തികൾ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടവയാണോ എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖമൂലമുള്ള സമ്മതപത്രവും പ്രവൃത്തികൾ പൂർത്തിയാക്കി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെയും ആയത് സംബന്ധിച്ച്

രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 15/20-21,തീയതി 20/01/2022 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ ആകെ ചെലവ് തുക ₹93,78,092/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

## 1-21 യഥാസമയം മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി എടുത്തിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. എന്നാൽ അസി. എഞ്ചിനീയർ കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഭരണസമിതി സമയം ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിക്കാത്ത കരാറുകാരിൽ നിന്നും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

യഥാസമയം പൂർത്തിയാക്കാത്ത താഴെ പറയുന്ന പ്രവർത്തികൾക്ക് നൻവർഷം തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെയും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തരിയോട് ജി.എച്ച്.എസ്.എസ്. കമ്മ്യൂണിറ്റി ടോയിലറ്റ് നിർമ്മാണം

| | |
|---|---|
